## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3087 | 15.12.2015 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ

**ചോദ്യം**

ശ്രീ. പ്രൊഫ. സി.രവീന്ദ്രനാഥ്

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) 2011 ആരംഭത്തിൽ സിവിൽ സപ്ലൈസ് വില്പനകേന്ദ്രങ്ങൾ വഴി എത്രസാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയിരുന്നു എന്ന് അറിയിക്കാമോ; ആയതിനായി എത്ര തുക ചെലവാക്കിയിരുന്നു;

(ബി) നിലവിൽ എത്ര സാധനങ്ങൾ ഇതേ രീതിയിൽ സബ്സിഡി നിരക്കിൽ നൽകുന്നുണ്ടെന്ന് അറിയിക്കുമോ; അതിനായി എത്ര തുക ചെലവാക്കുന്നുണ്ട്;

(എ) യും (ബി) യും ഉഴുന്ന് ബോൾ, ഉഴുന്ന് പിളർന്നത്, വൻപയർ, തുവര പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയായിരുന്നു സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 06.07.2012 ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങളാണ് സബ്സിഡി ഇനത്തിൽ വിൽപ്പന നടത്തുന്നത്. 2010-11 മുതൽ വിപണി ഇടപെടലിനായി സപ്ലൈകോ ചെലവഴിച്ച തുകയുടെയും സർക്കാർ നൽകിയ ധനസഹായത്തിന്റെയും വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി വില്പന നടത്തുന്ന ഉല്പന്നങ്ങളുടെ വില ഒരു കാലഘട്ടത്തിൽ എത്രത്തോളം വർദ്ധിപ്പിച്ചു എന്ന് പറയുമോ ;

(സി) അനുബന്ധം 2 ആയി ചേർക്കുന്നു. 01.12.2014 മുതൽ ഏതാനും സബ്സിഡി സാധനങ്ങളുടെ വില കുറച്ചിട്ടുണ്ട്.

(ഡി) വില്പനയ്ക്കായുള്ള ഉല്പന്നങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ആയതിന്റെ ഘടനയിൽ ചെറുകിട വൻകിട എന്ന വ്യത്യാസം എത്രമാത്രം വരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

(ഡി) സപ്ലൈകോയിലൂടെ വിറ്റഴിക്കുന്നതിനായി ആവശ്യമായ ഉൽപ്പന്നങ്ങൾ ഔട്ട് ലെറ്റ് മാനേജർമാർ അതാത് സ്ഥലത്തെ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഇൻഡന്റ് തയ്യാറാക്കുകയും ഡിപ്പോ തലത്തിൽ ക്രോഡീകരിച്ച്, ഡിപ്പോ തലത്തിൽ വാങ്ങുന്നവർക്ക് അവിടെ നടക്കുന്ന DMC യുടെ അംഗീകാരത്തോടെ വാങ്ങുകയും ഹെഡ് ഓഫീസ് തലത്തിൽ പർച്ചെയ്സ് ഓർഡർ നൽകുന്നവയുടെ ഇൻഡന്റ് ഹെഡ് ഓഫീസിൽ നൽകുകയുമാണ് ചെയ്യുന്നത്. ഹെഡ് ഓഫീസ് തലത്തിലും ഡിപ്പോ തലത്തിലും ഔട്ട് ലെറ്റ് മാനേജർമാരുടെ ആവശ്യകതയനുസരിച്ച് വൻകിട ചെറുകിട വ്യത്യാസമില്ലാതെയാണ് ഉത്പന്നങ്ങൾ തെരഞ്ഞെടുക്കുന്നത്.

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| വർഷം | ചെലവഴിച്ച തുക (തുക കോടി രൂപയിൽ) | സർക്കാർ നൽകിയ ധന സഹായം |
|---|---|---|
| 2010-11 | 118.81 | 76.31 |
| 2011-12 | 164.96 | 118.35 |
| 2012-13 | 288.55 | 135.00 |
| 2013-14 | 320.79 | 116.02 |
| 2014-15 | 257.78 | 70.00 |
| 2015-16 (സെപ്റ്റംബർ വരെ) | 110.23 | 64.00 |

Beena
സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

| ക്രമ നമ്പർ | ഇനം | 6.7.12 ന മുമ്പ് നിലവിലുണ്ടായിരുന്ന സബ്സിഡി വില കി. ഗ്രാമിന് | 6.7.12 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 1.8.13 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 24.8.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 6.11.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 1.12.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ | | 49.00 | 55.00 | 12.24 | 55.00 | 0 | 77.00 | 40 | 74.00 | -3.9 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 42.00 | 16.67 | 42.00 | 0 | 76.00 | 80.95 | 66.00 | -13.15 |
| 3 | വൻകടല | | 44.00 | 45.00 | 2.27 | 45.00 | 0 | 45.00 | 0 | 43.00 | -4.4 |
| 4 | വൻപയർ | 26.50 | 26.50 | 35.00 | 32.08 | 35.00 | 0 | 49.00 | 40 | 45.00 | -8.16 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 45.00 | 32.35 | 45.00 | 0 | 67.00 | 48.89 | 65.00 | -2.99 |
| 6 | മുളക് | 45.00 | 45.00 | 55.00 | 22.22 | 75.00 | 36.36 | 75.00 | 0 | 75.00 | 0 |
| 7 | മല്ലി | 45.90 | 45.90 | 60.00 | 30.72 | 60.00 | 0 | 112.00 | 86.67 | 112.00 | 0 |
| 8 | പഞ്ചസാര | 25.00 | 25.00 | 26.00 | 4 | 26.00 | 0 | 27.50 | 5.77 | 25.00 | -9.09 |
| 9 | പച്ചരി | 16.00 | 16.00 | 21.00 | 31.25 | 23.00 | 9.5 | 23.00 | 0 | 23.00 | 0 |
| 10 | കുറുവ അരി | | 19.00 | 21.00 | 10.53 | 25.00 | 19.05 | 25.00 | 0 | 25.00 | 0 |
| 11 | മട്ട അരി | 16.00 | 16.00 | 21.00 | 31.25 | 25.00 | 19.05 | 25.00 | 0 | 25.00 | 0 |
| 12 | ജയ അരി | | 21.00 | 21.00 | 0 | 25.00 | 19.05 | 25.00 | 0 | 25.00 | 0 |
| 13 | വെളിച്ചെണ്ണ | | 62.00 | 62.00 | 0 | 125.00 | 101.61 | 151.00 | 20.8 | 139.00 | -7.95 |

Beena
സെക്ഷൻ ഓഫീസർ